(ബി) ജില്ലാ ഓഫീസുകൾ ഇല്ലാത്തതുമൂലം ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ സംസ്ഥാനത്തിന് നഷ്ടം സംഭവിക്കുന്നില്ല.

(സി) ഇപ്പോൾ പാലക്കാട്ടും മലപ്പുറത്തും ഓരോ ജില്ലാഓഫീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്.

കൊപ്ര സംഭരണം

*65 [65] ശ്രീ. കെ. ഇ. ഇസ്മയിൽ:

,, കെ. ആർ. ചന്ദ്രമോഹനൻ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊപ്ര സംഭരണത്തിനുവേണ്ടി 31-5-1986 വരെ കേന്ദ്ര ഗവൺമെൻറ് മുഖേന ലഭിച്ച സംഖ്യ എത്ര;

(ബി) ഇതുവരെ സഹകരണ സ്ഥാപനങ്ങൾ മുഖേന സംഭരിച്ച കൊപ്ര എത്ര;

(സി) കൊപ്ര സംഭരണത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ഗവൺമെൻറ് എന്ത് നടപടി സ്വീകരിച്ചു?

കൃഷി വകുപ്പ് മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) കൊപ്രാ സംഭരണത്തിനുവേണ്ടി കേരള സഹകരണ വിപണന ഫെഡറേഷൻ 10 കോടി രൂപയുടേയും നാഫെഡ് 20 കോടി രൂപയുടേയും വായ്പകൾ ബാങ്കുകളിൽ നിന്നും ലഭിക്കുകയുണ്ടായി. കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ ആവശ്യപ്പെട്ടതനുസരിച്ചാണ്, റിസർവ്വ് ബാങ്ക് ഇതിനുള്ള അനുമതി നൽകിയത്.

(ബി) 21,700 ടൺ.

(സി, ഡി) കൊപ്രാ സംഭരണത്തിലുണ്ടായ നഷ്ടം കണക്കാക്കി വരുന്നതേയുള്ളൂ. ഈ നഷ്ടം നികത്തി കൊടുക്കുന്നതാണെന്ന് ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ടരക്കോടി രൂപ ഈ ഇനത്തിൽ സംസ്ഥാന സഹകരണ വിപണന ഫെഡറേഷന് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ സംഘങ്ങൾക്കുള്ള ചിട്ടി നിയമത്തിന്റെ പരിധി

*66 [66] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിട്ടി നിയമത്തിന്റെ പരിധിയിൽ നിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സഹകരണ സംഘങ്ങളെ ചിട്ടി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതുകൊണ്ടുള്ള പ്രയാസങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly